ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു അറിയില്ല ലഭിച്ചത് തന്നെ നേരാണോ എന്നുതന്നെ ഇപ്പോഴും എനിക്കു പറയാൻവയ്യ. ഈ റിപ്പോർട്ട് ഏതായാലും എക്സാമിൻചെയ്തുകൊണ്ടിരിക്കുകയാണ്. ശ്രീമാൻ കൃഷ്ണനു അറിയാം റിപ്പോർട്ടുകിട്ടിയാൽ അത് പരിശോധനയ്ക്ക് അയക്കും.

ശ്രീ. ഇ. ജോൺജേക്കബ്: കഴിഞ്ഞ ഗവർമ്മെൻറ് ഈ സംഭവത്തെ തുടർന്ന് സസ്പെൻറുചെയ്ത സർക്കിൾ ഇൻസ്പെക്ടർ ബഹുമാനപ്പെട്ട കോടതിയിൽ റിട്ടുപോവുകയും ബഹുമാനപ്പെട്ട കോടതി അതു വെറും രാഷ്ട്രീയ പാർട്ടികളുടെ നിർദ്ദേശമനുസരിച്ചു ചെയ്തതാണെന്നും അതുകൊണ്ട് ആ സസ്പെഷൻ തെറ്റാണെന്നും വിധിച്ചിട്ടുള്ളത് ഈ ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഇതുമായിട്ട് ബന്ധപ്പെട്ട തല്ലെങ്കിലും അങ്ങനെ ഉണ്ടായിട്ടുണ്ടെന്ന് ഞാൻ വായിച്ചിട്ടുണ്ട്.

ശ്രീ. സി. ബി. സി. വാര്യർ: സിംഗിൾ ബഞ്ച് അങ്ങനെ വിധിച്ചപ്പോൾ ഗവർമ്മെൻറ് ഡിവിഷൻ ബഞ്ചിനു അപ്പീൽപോവുകയും ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിൻെറ വിധി റദ്ദാക്കുകയും ഗവർമ്മെൻറ് എടുത്ത നടപടി ശരിയാണെന്ന് പറയുകയും ചെയ്ത വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട രണ്ടു മെമ്പറൻമാരും പറഞ്ഞത് ആ വിലയ്ക്ക എടുക്കുകയാണ്. ഇവിടെ പ്രശ്നം അതല്ല എൻക്വയറികമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ഫയലോ ഈ ഫയലോ എൻെറ കൈയിലില്ല. പരിശോധിക്കണം.

ശ്രീ. എം. കെ. ദിവാകരൻ: ഐ. ജി. യും മറ്റു പോലീസുദ്യോഗസ്ഥൻമാരും ഗൂഢാലോചനനടത്തിയതിൻെറ ഫലമായാണ് ഈ വെടിവയ്പ്പുണ്ടായതെന്ന് ശ്രീമാൻ എ. കെ. ഗോപാലൻെറ പരാമർശനമുണ്ടായതും ശ്രീമാൻ ഇ.എം.എസ്.ൻെറ കാലത്തുണ്ടായതുമായ വെടിവയ്പിനെ സംബന്ധിച്ചാണോ ഈ ചോദ്യം ഉന്നയിച്ചിരിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതാണെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. എം. കെ. ദിവാകരൻ: ശ്രീമാൻ എ. കെ. ജി. യുടെ പ്രസ്താവനയിൽ വന്ന ''ഗൂഢാലോചന നടത്തി'' എന്ന പരാമർശത്തെ സംബന്ധിച്ച് റിപ്പോർട്ടിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് എനിക്കറിവില്ല. റിപ്പോർട്ടിൻെറ ഏതെങ്കിലും ഭാഗത്തെക്കുറിച്ചു ചോദിച്ചാൽ എനിക്ക് പറയാൻ പറ്റുകയില്ല. ഞാൻ ആദ്യമേ പറഞ്ഞു റിപ്പോർട്ട് എൻെറകൈവശമില്ല, പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്ന്.

പുതിയ ആസ്പത്രികൾ

* 64. [256] ശ്രീ. എൻ. കണപതി: കീഴ് കാണും വിധങ്ങളുടെ സഹകാരമന്ത്രി അവർകൾ വിടെ പകർവാർകളാക:

(എ) 1970-ം ആണ്ടിൽ കേരളത്തിൻ പല്വേറു ഇടങ്ങളിലും എങ്കെല്ലാം പുതിയ ആസ്പത്രികൾ, ഡിസ്പെൻസറികൾ, പിറൈമറി ഹെൽത്ത് സെൻറർകൾ

LIBRARY ARCHIVES Kerala Legislative Assembly

ஆயுர்வேத ஆஸ்பத்திரிகள் ஆகியவை திறக்க உத்தேசம் உள்ளது என்று கூறப்படுமா ;

(பி) அவை எவ்விவவ் இடங்களில் நிறுவ உத்தேசம் உள்ளது என்று கூறப்படுமா ;

(சி) 1969-ம் ஆண்டில் மேற்கூறப்பட்ட வகையில் உள்ள ஆஸ்பத்திரிகள் எங்கெல்லாம் திறக்கப்பட்டன என்றும் அவற்றிற்காக செலவு எவ்வளவு என்றும் சபைமுன் கூறலாமா ?

Minister for Health and Transport (**Shri K. M. George**):

(a) and (b) The places to be selected for opening new hospitals and Dispensaries (both Allopathic and Ayurvedic) for the financial year 1970-71 have not yet been decided and will be finalised only after the Budget is passed.

There is no proposal to open new Primary Health Centres during 1970 as the target in each Block has already been achieved.

* A statement is placed on the table.

ശ്രീ. എൻ. കണപതി : സർ, താലൂക് ആസ്പത്രികൾ ഹെട്കുവാട്ടേർസ് 1969-ൽ തിറക്കപ്പട്ടത ?

ശ്രീ കെ. എം. ജോർജ്: പള്ളിവാസൽ താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രിയുടെ ഉൽഘാടനകർമ്മം നിർവ്വഹിച്ച് പുതിയ കെട്ടിടത്തിലേക്ക് മാറുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൻ. കണപതി: സർ, അതറ്കു മരുന്നു വകൈകൾ ഇതുവരെയും സപ്ലൈ ചെയ്യപ്പടവിൽലൈ. അതറ്കു വേണ്ടിയ ഏറ്പാടു ചെയ്യപ്പടുമാ ?

ശ്രീ കെ. എം. ജോർജ്: എല്ലാ ആശുപത്രികളിലും മരുന്നിന്റെ അപര്യാപ്തതയുണ്ടെന്ന പരാതിയുള്ളതാണ്. ഗവർമ്മെൻറിന്റെ കഴിവനുസരിച്ച് എല്ലാ ആശുപത്രികൾക്കും മരുന്നുകൾ എത്തിച്ചുകൊടുത്തിട്ടുണ്ട്. അപര്യാപ്തയുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. സാമ്പത്തിക പരാധീനതകൊണ്ട് എല്ലാം പൂർത്തിയാക്കിക്കൊടുക്കാൻ കഴിയുകയില്ല.

ശ്രീ കുഞ്ഞുരാമൻ കിടാവ്: ആശുപത്രിക്കുള്ള സ്ഥലങ്ങൾ നിശ്ചയിക്കുന്നത് ജില്ലാവികസനസമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണോ?

ശ്രീ. കെ. എം. ജോർജ് : ഓരോ ഡിസ്ട്രിക്ടിലും ആശുപത്രികൾ അലോട്ടുചെയ്താൽ അത് ഏത് സ്ഥലത്ത് സ്ഥാപിക്കണമെന്ന് ഡി. ഡി. സിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണ്. കുൻഗണനയനുസരിച്ചാണ് ഓരോ സ്ഥലത്തും സ്ഥാപിക്കുന്നത്. ഗവൺമെൻറ് തലത്തിൽ ഒരു ഡോക്ടറുടെ സ്ഥാനത്തിന്റെയും കാര്യം നിർണ്ണയിക്കാറില്ല.

ശ്രീ. ബി. മാധവൻനായർ : മുൻ ഗവൺമെൻറ് ചികിൽസാ സമ്പ്രദായത്തിൽ സിദ്ധവൈദ്യസമ്പ്രദായത്തിന്റെ പ്രാതിനിധ്യം തിരുവനന്തപുരത്ത് ഒരു ഡിസ്പെൻസറി അനുവദിക്കുമെന്നുപറഞ്ഞിരുന്നു. ഈ ഗവൺമെൻറ് ഈ വർഷത്തിലോ വരാൻപോകുന്ന വർഷങ്ങളിലോ കൂടുതൽ ഡിസ്

* Appendix I

LIBRARY ARCHIVES Kerala Legislative Assembly

പെൻസറികം തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, ഇപ്പോം തുറന്നിരിക്കുന്നത് താലൂക്ക് ആശുപത്രിയായി മാറ്റാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. ജോർജ് : ഈ വൈദ്യസംപ്രദായത്തെ കഴിയുന്നത്ര പുരോഗമിപ്പിക്കണമെന്നുള്ളതാണ് ഈ ഗവൺമെൻറിൻെറയും നയം. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സിദ്ധവൈദ്യൻമാരുടെ വിവിധ സംഘടനകളുണ്ട്. അവർ തമ്മിൽ വച്ചിയ മൽസരങ്ങളുമുണ്ട്. ഈ മൽസരങ്ങളെപ്പറ്റിയൊന്നും നോക്കാതെ എല്ലാ വൈദ്യവിഭാഗത്തിൻെറയും അപേക്ഷകളെ ആദരിച്ചുകൊണ്ട് അവരുടെ യോഗങ്ങം ഉൽഘാടനംചെയ്യുകയും കഴിയുന്നത്ര സഹായംചെയ്തുകൊടുക്കാമെന്ന് വാഗ്ദാനംചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് വരുന്നവർഷവും കഴിയുന്നതു ചെയ്യാൻ തയ്യാറാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വളപട്ടണം ആശുപത്രിക്കുവേണ്ടി 25,000 രൂപാ നീക്കിവച്ചതായിക്കണ്ടു. അവിടെ ആയിരക്കണക്കിന് തൊഴിലാളികം ഔട്ട്പേഷ്യൻറായി വന്നു പോകുന്നുണ്ട്. അവർക്കു വേണ്ടത്ര സൗകര്യങ്ങളില്ലാത്തതിനാൽ 25,000 രൂപാ വച്ചതു ശരിയാണോ?

ശ്രീ. കെ. എം. ജോർജജ്: ആ തുക അപര്യാപ്ത മാണെങ്കിൽ എങ്ങനെ പരിഹരിക്കാമെന്നു നോക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: മുൻ ആരോഗ്യമന്ത്രി കൽപ്പറ്റയിൽ ഒരു ഡിസ്പൻസറി തുറന്നിട്ടുണ്ട്. അത് കോഴിക്കോട്ട് ഡി.ഡി.സി. ആസ്ഥലത്ത് വേണമെന്ന് ആവശ്യപ്പെട്ടതുകൊണ്ടാണോ അതോ മുൻ മന്ത്രിയുടെ സ്ഥലമായതുകൊണ്ട് സ്ഥാപിച്ചതാണോ?

ശ്രീ. കെ. എം. ജോർജജ്: സ്ഥാന നിർണ്ണയത്തിൻെറ കാര്യം ഫയലിൽ ഇല്ല. പ്രത്യേക ചോദ്യം ചോദിച്ചാൽ വിവരം ശേഖരിച്ച് മറുപടി പറയാം.

ശ്രീ. കെ. എ. ശിവരാമഭാരതി: ഷൊർണ്ണൂർ ആശുപത്രിക്കെട്ടിടം ജീർണ്ണിച്ചു കിടക്കുകയാണ്. അതു പരിഹരിച്ച് ആശുപത്രി വികസിപ്പിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജജ്: അതേപ്പറ്റി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഇപ്പോം പറയാൻ നിവർത്തിയില്ല. അന്വേഷിച്ച് കഴിവുള്ളതു ചെയ്യാം.

ശ്രീ. പി. കുഞ്ഞൻ: ഇളനാട് ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഗവൺമെൻറ് ചെയ്തു കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇളനാട് ഡിസ്പൻസറിക്ക് 25,000 രൂപ അനുവദിച്ചിട്ടുണ്ട്. മറ്റു വിവരം ഫയലിൽ കാണുന്നില്ല.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂർ ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലിലും ആയുർവ്വേദാശുപത്രിയിലും രോഗങ്ങം മാറുന്നതിനു വേണ്ടി ചെല്ലുന്ന രോഗികം മറ്റു പല രോഗങ്ങളുമായി തിരിച്ചു പോരേണ്ട രീതിയിൽ മലിനജലം കെട്ടിക്കിടന്ന് ആശുപത്രിയും പരിസരങ്ങളും വൃത്തികേടായിത്തീർന്നിട്ടുണ്ട്. അവിടെ രോഗികൾക്ക് കിടക്കാൻ സൗകര്യമില്ലാത്ത സ്ഥിതിയുണ്ടെന്ന് പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു. ഇതിൻമേലുള്ള ഡി.ഡി.സി.യുടെ പ്രമേയം കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ആര്യൻ പറഞ്ഞതുപോലുള്ള പരാതി കിട്ടിയിട്ടില്ല. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു വിശ്വസിക്കാൻ ഞാൻ തയ്യാറാണ്. അങ്ങനെയുള്ള അനുഭവം പലയിടത്തുമുണ്ട്. പൊതുജന സഹായത്തോടുകൂടി ചെയ്യാവുന്നതൊക്കെ ചെയ്യാൻ ഞാൻ തയ്യാറാണ്.

ശ്രീ. എം. കെ. എ. ഹമീദ്: ആശുപത്രിക്കാവശ്യമായ സ്ഥലവും കെട്ടിടം പണിക്കുവേണ്ട പണത്തിന്റെ 50 ശതമാനവും നാട്ടുകാർ കൊടുക്കുകയാണെങ്കിൽ ബാക്കി പണം കൊടുത്ത് ആശുപത്രി സ്ഥാപിച്ചുകൊടുക്കാമെന്ന് മുൻ ആരോഗ്യമന്ത്രി പരസ്യമായി വാഗ്ദാനം നൽകിയിരുന്നു. ചേരനല്ലൂർ പ്രദേശത്ത് ആശുപത്രി വേണമെന്നു പറഞ്ഞപ്പോൾ നൽകിയവാഗ്ദാനമാണിത്. ആ വാഗ്ദാനം ഈ ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. കെ. എം. ജോർജ്: ഏതു വാഗ്ദാനവും പരിഗണിക്കണമെന്നാണാഗ്രഹം. പക്ഷേ വൈദ്യ സഹായം ലഭിക്കുന്നതിനുവരെ പകുതി പണം കൊടുക്കാമെന്നു പറയുന്ന ഓഫറുകൾ പോലും സ്വീകരിക്കാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. അതുകൊണ്ട് ഹമീദിനെപ്പോലുള്ള ഉദാരമതികൾ പകുതിയല്ല, മുഴുവൻ പണവും തന്നാലേ ഇതു സാദ്ധ്യമാകുകയുള്ളൂ എന്നുള്ളതാണ് വസ്തുത. കാരണം സാമ്പത്തിക പ്രയാസമാണ്.

ശ്രീ. സി. കണ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ചു, മലബാർ ഏരിയായിലെ 47 ഡിസ്പൻസറികൾ ഏറെടുത്തിട്ടുണ്ടെന്ന്. ഗവൺമെന്റ് ഇത്തരം ഡിസ്പൻസറികൾ ഏറെടുത്തതിനു ശേഷം അതിന്റെ പ്രവർത്തനം ഏതു നിലയിലാണ് നടത്തുന്നതെന്നും ഗവൺമെന്റ് പ്രത്യേകമായി കൂടുതൽ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ടോ എന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: 47 അല്ല, 37 ആണ്. സഹകാര്യ മേഖലയിൽ നടന്നുകൊണ്ടിരുന്നവയാണ് ഗവൺമെന്റ് ഏറെടുത്തത്. അതിന്റെ ചെലവിന് 7 ലക്ഷത്തിൽപ്പരം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവർത്തനം നടക്കത്തക്കവണ്ണം വേണ്ട പണം അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് തോന്നുന്നത്. അല്ലെങ്കിൽ അതിനു യാതൊരു തടസ്സവുമില്ലായെന്നാണെന്റെ വിശ്വാസം.

ശ്രീ. എ. വി. കുഞ്ഞാമ്പു: മലബാർ പ്രദേശങ്ങളിലെ 37 ഡിസ്പൻസറികൾ ഏറെടുത്തു എന്നു പറഞ്ഞു. അവിടെ മുമ്പ് പ്രവർത്തിച്ചിരുന്ന റൂറൽ മെഡിക്കൽ പ്രാക്ടീസണേഴ്സിനെ ഗവൺമെന്റ് സർവ്വീസിൽ എടുത്തിട്ടില്ലെന്നും അവരുടെ ആവശ്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടില്ലെന്നും മാത്രമല്ല ഇവരെ സർവ്വീസിൽ പരിഗണിക്കാതിരിക്കുകയും ചെയ്യുന്നതിനുള്ള കാരണമെന്താണ്? ഇതിനെപ്പറ്റിയുള്ള നിവേദനം കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെമ്പർ പറയുന്ന പരാതി ഗവൺമെന്റിന് ലഭിച്ചു കഴിഞ്ഞു എന്നാണെന്റെ അറിവ്. ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടോ എന്നാലോചിച്ചു ചെയ്യാവുന്നതാണ്.

ശ്രീ. കെ.എ. ശിവരാമഭാരതി: മലബാറിലുള്ള 37 ഡിസ്പൻസറികൾ ഗവൺമെന്റ് ഏറെടുത്തതിന്റെ ഫലമായി പുതിയ ഡിസ്പൻസറികൾ തുറക്കുന്നത് വേണ്ടെന്നു വച്ചിരിക്കുന്നതായി പറഞ്ഞു. അതിന്റെ ഫലമായി ആളുകളെ പ്രോൽസാഹിപ്പിച്ച് കെട്ടിടങ്ങൾ പണിയുന്നതിന് മുൻകൈയെടുത്തതിന്

LIBRARY ARCHIVES Kerala Legislative Assembly

അവരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടായിത്തീർന്നിരിക്കുകയാണ്. ചിറ്റൂർ ഏരിയാ പഴയ മലബാർ ഏരിയായുടെ ഭാഗമാണ്. 37 ഡിസ്പൻസറികളും ഏറ്റെടുത്തുകൊണ്ട് ഇവിടെ പുതുതായി ഒരു ഡിസ്പൻസറിയും തുറക്കുന്നില്ലെങ്കിൽ.

ശ്രീ. കെ. എം. ജോർജ്: 37 ഡിസ്പൻസറികളാണ് ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളത്. ഒരു ഡിസ്ട്രിക്ടിലേക്ക് ഒരു ആയുർവ്വേദ ഡിസ്പൻസറിയാണ് അലോട്ടു ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള ഡിസ്പൻസറികളും തെക്കൻ ജില്ലയിൽ തുറക്കണമെന്നുള്ളത് കുറച്ച് ന്യായമായാലും കുറേപ്പേർക്കുകൂടി സഹായകമായിരിക്കുമെന്നുള്ളതുകൊണ്ട് കൊല്ലം, തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നീ ഡിസ്ട്രിക്റ്റുകളിൽ തുറക്കാനാണ് ഉദ്ദേശിച്ചത്. അതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: കുട്ടനാട് താലൂക്കിൽ ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഏതെങ്കിലുമൊരു ഡിസ്പൻസറിയെ ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ? അതുപോലെ തന്നെ പുളിംകുന്നും ഇടത്വായും താലൂക്ക് ഡിസ്പൻസറിയായി ഉയർത്തണമെന്ന ഡി.ഡി.സി. യുടെ അഭ്യർത്ഥന ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: കുട്ടനാട്ടിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഇല്ലാത്തതുകൊണ്ട് പുളിംകുന്ന് ഡിസ്പൻസറി ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തണമെന്നുള്ള നിരന്തരമായ നിവേദനത്തെ പരിഗണിച്ച് ഗവൺമെന്റ് അതംഗീകരിച്ചിട്ടുണ്ട്. അത് വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ് ഇടത്വായും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കണമെന്നുള്ളത് പ്രായോഗികമല്ല. ഇടത്വായിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: നമ്മുടെ സംസ്ഥാനത്ത് ആയുർവേദാശുപത്രികളിലും ഡിസ്പൻസറികളിലും ആവശ്യമായ വൈദ്യൻമാരുടേയും ഫാർമസിസ്റ്റുകളുടെയും അറ്റൻഡർമാരുടെയും സ്റ്റാഫിന്റെയും അപര്യാപ്തത നിമിത്തം ആ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ടെങ്കിൽ എന്തു ഉണ്ടാക്കണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ടോ? നടപടി സ്വീകരിച്ചു?

ശ്രീ. കെ. എം. ജോർജ്: ഇപ്രകാരമൊരുനിവേദനം ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. ഉണ്ടെങ്കിൽ പരിശോധിച്ച് കഴിയുന്നതു ചെയ്യാം.

ശ്രീ. എം. മൊയ്തീൻക്കുട്ടി ഹാജി: മഞ്ചേരിയിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: പൊതുജനങ്ങളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ടാണ് ഈ കാര്യത്തിൽ ഗവൺമെന്റ് നിൽക്കുന്നത്. പൊതുജനങ്ങളും കൂടി സഹകരിച്ചുകൊണ്ട് മുൻപോട്ടു വരുമെങ്കിൽ ഏറ്റവും വേഗം നടപടി സ്വീകരിക്കാം.

ശ്രീ. ടി. എം. മീതിയൻ: പൊതുജനങ്ങളും കൂടി സഹകരിച്ചുകൊണ്ട് കെട്ടിടവും മറ്റും നൽകിയാൽ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി എടുക്കുമെന്നു പറഞ്ഞു. ചെറുവത്തൂർ എന്ന സ്ഥലത്ത് സ്ഥലവും നൽകി കെട്ടിടവും പണി കഴിപ്പിച്ചു. ഒരു നടപടിയും സ്വീകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: പൊതുജനങ്ങളും സ്ഥലവും കെട്ടിടവും ഫർണിച്ചറും കൂടി തരാമെന്നു പറഞ്ഞാലും അങ്ങനെ പറയുന്നിടത്ത് എല്ലായിടത്തും ആശുപത്രികളും സ്ഥാപിക്കാൻ കഴിയുകയില്ല. ആശുപത്രികളും സ്ഥാപിക്കുന്നതിന് ചില വ്യവസ്ഥകളൊക്കെയുണ്ട്. ആ വ്യവസ്ഥകളനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളും സ്ഥാപിക്കുന്ന കാര്യത്തിൽ തിരുവനന്തപുരം മുതലായ സ്ഥലങ്ങൾക്ക് നൽകുന്ന പ്രാധാന്യം മലബാർ ഭാഗത്തു നൽകുന്നില്ല. രാജഭരണകാലത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്ന് ഒരു മാറ്റവും ആ ഭാഗങ്ങളിൽ വന്നിട്ടില്ല എന്നുള്ളത് പരിഗണിച്ച് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. ജോർജ്: ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം എല്ലാ ഭാഗങ്ങളും ഒരുപോലെ കാണാനും എല്ലായിടത്തും കഴിയുന്നത്ര സൗകര്യങ്ങളുണ്ടാക്കണമെന്നുള്ള ആഗ്രഹമാണുള്ളത്. ഉത്തരകേരളത്തോടും ദക്ഷിണകേരളത്തോടുമുള്ള സമീപനം അതിൽ നിന്ന് വ്യത്യസ്തമല്ല.

Shri U. K. Kunikullaya: Considering the fact that in almost all the hospitals the number of patients is more than the sanctioned strength has the Government received any complaint in regard to the bed-strength of the hospitals?

Shri K. M. George: As far as Hosdrug hospital is concerned I am not aware of the actual bedstrength and if there is any deficiency this Government will only too anxious to increase the bedstrength as far as possible.

U. K. Kunikullaya: Minister referred to the Hosdrug hospital. I am referring to the Kasaragod Taluk Headquarters Hospital. There are only 75 beds and the number of in-patients is more than 300. Will the Government please increase the bed-strength in the Kasaragod Headquarters?

Shri K. M. George: It is not a criteria that can easily be followed, Sir, because in every hospital double or trible the bedstrength of in-patients are treated. This is the prevailing situation in all our hospitals. Therefore this aspect cannot be taken as the only criteria. Everything will have to be taken into consideration and what ever is possible will be done.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ആശുപത്രികളിൽ ആവശ്യത്തിനു മരുന്നു കൊടുക്കാൻകഴിയാതെവരുന്നതു സാമ്പത്തിക കാരണമാണെന്നു പറഞ്ഞു. അതുകൂടാതെ സ്റ്റോറിൽനിന്നു കൊടുക്കുന്നതിനു സാങ്കേതികമായും വാഹനമില്ലാത്തതുകൊണ്ടും അസൗകര്യങ്ങളുണ്ട്. നൂറനാട് കൊരട്ടി മുതലായ ലെപ്രസി ആശുപത്രികളിൽ രോഗികൾക്കു മരുന്നു കിട്ടുന്നില്ല കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. എം. ജോർജ്: ഇക്കാര്യം തീർച്ചയായും ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണു്. കുഷ്ഠരോഗാശുപത്രികളിൽ ദക്ഷണത്തിൻെറ അപര്യാപ്തതയും മരുന്നിൻെറ അപര്യാപ്തതയും ഉള്ളതായി പരാതികൾ കിട്ടിയിട്ടുണ്ടു്. കഴിയുന്നത്ര പരിഹരിക്കാൻ ഗവൺമെൻറ് ശ്രമിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. ആര്യൻ: അന്നമനട ഡിസ്പെൻസറിയിൽ ഒരു ഡാക്ടറും രണ്ടു നേഴ്സും ശമ്പളം വാങ്ങിച്ചിരുന്നു, പക്ഷേ അവിടെ ഡാക്ടറും നേഴ്സുമില്ലെന്നുള്ള അവർ ചെറുവള്ളൂർ ഡിസ്പെൻസറിയിലാണെന്നും പരാതി കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അന്വേഷണം നടത്തുമോ?

ശ്രീ. കെ. എം. ജോർജ്: ഈ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ വാങ്ങിയതായി അറിവില്ല.

ശ്രീ. എ. വി. ആര്യൻ: ചെറുവള്ളൂർ അങ്ങയുടെ പഞ്ചായത്തിലാണെന്നറിയാമോ?

ശ്രീ. കെ. എം. ജോർജ്: വ്യക്തമായി അറിഞ്ഞുകൂടാ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ജനസാന്ദ്രതയോ രോഗികളുടെ എണ്ണമോ പരിഗണിക്കാതെ ഡിസ്പെൻസറികളും പ്രൈമറി ഹെൽത്തുസെന്ററുകളും അനുവദിക്കുന്നതുകൊണ്ട്, പതിനായിരത്തിലധികം ഗ്രാന്റായി കൊടുക്കുന്ന സ്ഥലങ്ങളിൽ പത്തുമുപ്പതു രോഗികൾമാത്രമുള്ളപ്പോഴും, മുന്നൂറും നാന്നൂറും രോഗികളുള്ളിടത്ത് വേണ്ടത്ര തുക കിട്ടാതെ പോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എം. ജോർജ്: പറഞ്ഞത് വസ്തുതയാണ്. സാമ്പത്തികപരാധീനതമൂലം ഈ ഗവൺമെന്റിന്, ആവശ്യത്തിനനുസരിച്ച് തുകകൾ കൊടുക്കാൻ സാധിക്കുന്നില്ല. കൂടുതൽ തുക കൊടുത്തിട്ടുണ്ടോ എന്നു പരിശോധിക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: അലോപ്പതി ഡിസ്പെൻസറികളുടെയും ആയുർവേദഡിസ്പെൻസറികളുടെയും കാര്യം പറഞ്ഞു; ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനെപ്പറ്റി വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: അലോപ്പതിയോ ആയുർവേദമോ ഹോമിയോപ്പതിയോ യുനാനിയോ സിദ്ധവൈദ്യമോ ഏതായാലും ഒരു സ്ഥലത്ത് ഒരു ഡിസ്പെൻസറിയെങ്കിലും വേണമെന്നുള്ള അടിസ്ഥാനത്തിലാണ് ഗവൺമെന്റ് നടപടിഎടുക്കുന്നത്.

ശ്രീ.പി. കെ. ഗോപാലകൃഷ്ണൻ: നമ്മുടെ നാട്ടിൽ ക്ഷയരോഗികളുടെ എണ്ണം വളരെയധികമാണ്; എല്ലാവരേയും സാനിട്ടോറിയത്തിൽ കിടത്തി ചികിൽസിക്കുന്നതിനു സൗകര്യമില്ല. അതുപരിഗണിച്ചു് രോഗികൾക്കു മരുന്നുകൊടുത്ത് ചികിൽസിക്കുന്ന സമ്പ്രദായമുണ്ട്. അങ്ങനെ മരുന്നു കൊടുത്തു ചികിൽസിക്കുന്ന സമ്പ്രദായം താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ ഏർപ്പെടുത്തുമോ?

ശ്രീ. കെ. എം. ജോർജ്: തീർച്ചയായും ഏർപ്പെടുത്താം.

ശ്രീ. പി. വി. എബ്രഹാം: ബഹുമാനപ്പെട്ട മന്ത്രിയുടെ വീടിന്റെ മുറ്റത്തുതന്നെയുള്ള മൂവാറ്റുപുഴ ആയുർവേദ ഡിസ്പെൻസറി താലൂക്കു ഹെഡ്കാർട്ടേഴ്സ് ഡിസ്പെൻസറിയാക്കി ഉയർത്തിക്കൊടുത്താൽ കെട്ടിടത്തിന്റെയും മറ്റും കാര്യത്തിൽ ഗവൺമെന്റു പറയുന്ന വ്യവസ്ഥകൾ അനുസരിക്കാമെന്നുമാത്രമല്ല, മരുന്നു വാങ്ങാനുള്ള കാശുകൂടി തരാമെന്നു് പറഞ്ഞിട്ടും ഇതുവരെ യാതൊരു നടപടിയും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ആയുർവേദ ഡിസ്പെൻസറികളും താലൂക്ക് ഹെഡ്കാർട്ടേഴ്സ് ഡിസ്പെൻസറികളായി ഉയർത്തുന്നതിന് ആദ്യം പറഞ്ഞിട്ടുള്ള തോതുകൂടി വച്ച് മറെറല്ലാ ഡിസ്പെൻസറികളെയും പോലെ മൂവാറ്റുപുഴ ഡിസ്പെൻസറിയുടെ കാര്യവും പരിഗണിക്കുന്നതാണ്. ഈ ഡിസ്പെൻസറിയുടെ കാര്യത്തിൽ ശ്രദ്ധിക്കാൻ ബഹുമാനപ്പെട്ട മൂവാറ്റുപുഴ മെംബർ മന:സ്ഥിതി കാണിച്ചതിൽ എനിക്കു സന്തോഷമുണ്ട്. അദ്ദേഹം വേണ്ടതൊക്കെ ചെയ്തു ശ്രമിക്കുകയാണെങ്കിൽ ഗവൺമെൻറ് ആവശ്യമായ നടപടികളും എടുക്കുന്നതാണ്.

ശ്രീ. സി. എം. കുട്ടി: 30,000 ക. യും സൗജന്യമായി സ്ഥലവും നാട്ടുകാർ കൊടുത്താൽ 25 ബെഡ്ഡുള്ള ആശുപത്രി സ്ഥാപിച്ചുകൊടുക്കാമെന്നു മുൻമന്ത്രി ശ്രീ വെല്ലിംഗ്ടൻ എൻെറ നിയോജകമണ്ഡലകമടക്കം പല സ്ഥലങ്ങളിലും വെച്ച് പ്രസ്താവിച്ചിട്ടുണ്ടു്. അതനുസരിച്ചു് പലരും ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് നിവേദനം നടത്തിയിട്ടും സാങ്ഷൻ കൊടുത്തിട്ടില്ല. മുൻമന്ത്രി ഉറപ്പുനൽകിയതനുസരിച്ചു് നടപടി നടത്താത്തത് എന്തുകൊണ്ടാണു്?

ശ്രീ. കെ. എം. ജോർജ്: ഏതെങ്കിലും പ്രസംഗത്തിൽ മുൻമന്ത്രിമാർ പറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യാൻകഴിയുമെന്നു തോന്നുന്നില്ല. നേരത്തെ പറഞ്ഞ അടിസ്ഥാനത്തിൽ കഴിയുന്നതു ചെയ്യാം.

ശ്രീ. പി. സി. രാഘവൻനായർ: ഡി. ഡി. സി. യുടെ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണു് ആയുർവേദാശുപത്രികളും സ്ഥാപിക്കുന്നതെന്നു് പറഞ്ഞു. അങ്ങനെയാണെങ്കിൽ കോഴിക്കോട്ടു ഡി. ഡി. സി. യുടെ ശുപാർശയനുസരിച്ചു് പുൽപ്പള്ളിയിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കാൻ നടപടിയെടുക്കാത്തതെന്തുകൊണ്ടാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട മെംബർ മനസ്സിലാക്കിയതു് തെറെറായ രീതിയിലാണെന്നു് തോന്നുന്നു. ഡി. ഡി. സി. തീരുമാനിക്കുകയല്ല, ആശുപത്രി ലൊക്കേറ്റുചെയ്യുന്നതു്—അതിൻെറ സ്ഥലം എവിടെയായിരിക്കണമെന്നു് നിർണ്ണയിക്കുന്നതു്—ഡി. ഡി. സി. യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണെന്നാണു് പറഞ്ഞതു്. പുൽപ്പള്ളിയിൽ ഒരു ആയുർവേദഡിസ്പെൻസറി സ്ഥാപിക്കണമെന്നു് കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടു്. വളരെവേഗം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: സർ, എൻെറ നിയോജക മണ്ഡലത്തിൽ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഉണ്ണികൃഷ്ണപിള്ളയുടെ നിയോജകമണ്ഡലം അടുത്ത ചോദ്യത്തിൽ വരുന്നുണ്ടു്; കരുനാഗപ്പള്ളി ആശുപത്രിയെപ്പററിയാണു് അടുത്ത ചോദ്യം.

ശ്രീ. ടി. കെ. കൃഷ്ണൻ: ബൈവീക്കിലി ഡിസ്പെൻസറിയായി നടത്തിക്കൊണ്ടിരിക്കുന്ന ഡിസ്പെൻസറികളും പ്രതിദിന ഡിസ്പെൻസറികളാക്കി ഉയർത്തുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഉണ്ടോ ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: ചോദ്യം വ്യക്തമായി നേരത്തെ ചോദിക്കാതെ കൃത്യമായി മറുപടി പറയാൻ സാധിക്കുകയില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): മലബാറിൽ 37 ഡിസ്പെൻസറികളും കഴിഞ്ഞ ഇരുപതു വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. ഗവൺമെന്റ് എടുത്തശേഷം മരുന്നുകിട്ടുന്നില്ല. പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണു്. അതു് എന്തുകൊണ്ടാണു്?

ശ്രീ. കെ. എം. ജോർജ്ജ്: ഗവൺമെന്റ് ഏറെറടുക്കുന്നതിനുമുൻപു തന്നെ പ്രവർത്തനം നിറുത്തിവച്ചിട്ടുള്ളതാണു് അത്തരം ആശുപത്രികളും പ്രവർത്തനം ചിലപ്പോൾ മുടങ്ങിയും ചിലപ്പോൾ നടന്നും വന്നിട്ടുള്ളവയുണ്ടു്. അങ്ങനെയുള്ളവയാണു് ഗവൺമെന്റ് ഏറെറടുത്തിട്ടുള്ളതു്. മലബാറിൽ 37 എണ്ണവും തെക്കൻ ഭാഗങ്ങളിൽ 4 എണ്ണവും ഏറെറടുത്തിട്ടുണ്ടു്.

Written Answers

മിഡ് വൈഫുമാർ

* 65 [260] ശ്രീ. സി. കെ. ബാലകൃഷ്ണൻ,
,, പി. കുഞ്ഞൻ,
,, സി. ബി. ചന്ദ്രശേഖര വാര്യർ,
,, സി. ഗോവിന്ദപ്പണിക്കർ, താഴെക്കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്ന, സർവീസിൽനിന്നെടുത്ത എ. എൻ. മിഡ് വൈഫുമാരിൽനിന്നും ഗവൺമെന്റിനു് ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യം എന്തൊക്കെയാണു്?

(സി) പരശീലനകാലത്തു് ശമ്പളം കൊടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്):

(എ) ഉണ്ടു്.

(ബി) പരിശീലനകാലം രണ്ടുവർഷമായി കുറയ്ക്കുകയും ഇക്കാലം ഡെപ്യൂട്ടേഷൻ ആയി പരിഗണിക്കുകയും ചെയ്യണമെന്നതാണു് പ്രധാന ആവശ്യമായി ഉന്നയിച്ചിട്ടുള്ളതു്.

(സി) പരിശീലനകാലത്തു് പ്രതിമാസം 50 രൂപ സ്റ്റൈപ്പെൻഡ് നൽകുമെന്ന വ്യവസ്ഥയിലാണു് ഇവരെ തിരഞ്ഞെടുത്തിട്ടുള്ളതു് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നകാര്യം പരിഗണനയിലാണു്.

LIBRARY ARCHIVES Kerala Legislative Assembly

Appendix I

Please See answer to Question No. * (256)

(c) The following institutions under the Health Services Department have been opened during 1969-70.

	Institution	*Expenditure for the year*
1.	Bi-Weekly Dispensary, Mekunnam, Cannanore District	Rs. 9,000
2.	Do. Thattakuzha (Ernakulam)	Rs. 9,000
3.	Do. Poomala (Trichur)	Rs. 9,000
4.	Government Dispensary, Baliapatam (Cannanore)	Rs. 25,000
5.	Bi-Weekly Dispensary, Peruvanthanam (Kottayam)	Rs. 9,000
6.	Forest Dispensary, Karulai opened to public	Rs. 2,000 for medicines only.
7.	Government Dispensary, Neriamangalam (Ernakulam)	Rs. 25,000
8.	Mobile Dispensary sanctioned for Kottayam and Cannanore District—not started functioning.	Rs. 50,000
9.	Bi-weekly Dispensary, Poovathussary.	Rs. 9,000
10.	Do. Kanjilery	Rs. 9,000
11.	Forest Dispensary, Chettalayam (opened to public)	
12.	Government Dispensary, Elanad	Rs. 25,000
13.	Bi-weekly Dispensary, Thottur.	Rs. 9,000

(II) AYURVEDIC INSTITUTIONS 1969-70

Sanction has been accorded for the opening of the following institutions for the financial year 1969-70.

(a) An Ayurvedic Hospital (bed Strength 10) at Kalpetta in Kozhikode District.

LIBRARY ARCHIVES Kerala Legislative Assembly

(b) The following five Ayurvedic Dispensaries one each in the Revenue Districts of Ernakulam, Alleppey, Kottayam, Quilon and Trivandrum.

District	*Location*
Ernakulam	Piravom Panchayat
Alleppey	Vallamkulam in Thiruvalla Taluk
Kottayam	Chemmannur in Udumbanchola Panchayat
Quilon	Omallur Panchayat
Trivandrum	Ottasekharamangalam Panchayat

(c) One Sidha Dispensary in Quilon District

Government have also decided to take over the 37 rural Ayurvedic Dispensaries of the former Malabar area and to run them as Government Dispensaries.

No expenditure has been incurred so for as these new dispensaries have not started functioning.

LIBRARY ARCHIVES Kerala Legislative Assembly